**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1241** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ മിനി സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - 2.45 കോടി<br><br>2. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാണം - 2.55 കോടി |
| (ബി) | ഹരിപ്പാട് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05.01.2023 നൽകുകയും, 2.22 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ 06.01.2024 ന് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ലഭ്യമായ ദർഘാസുകളിൽ യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31.05.2024 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജന കാര്യാലയം ഡയറക്ടറുമായി 01.08.2024 ന് ധാരണപത്രത്തിൽ ഏർപ്പെടുകയും 02.08.2024 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തു. ഈ പദ്ധതിയ്ക്കായി വിഭാവനം ചെയ്തിരുന്നത് 21 വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ കോർട്ടിന് മറുവശത്ത് എൽ എസ് ജി ഡി പുതിയതായി ഒരു ബിൽഡിംഗ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ആയത് കൂടി കണക്കിലെടുക്കുമ്പോൾ ഇൻഡോർ കോർട്ടിന് നിശ്ചയിച്ചിരുന്ന 21 മീറ്റർ |

| | | | |
|---|---|---|---|
| | | | വീതിയിൽ ചെയ്യുന്നതിന് കഴിയുകയില്ലായെന്നും 19.30 മീ. വീതി മാത്രമേ സ്റ്റേഡിയത്തിനു ലഭിക്കുകയുള്ളൂ എന്ന വിവരം എം. എൽ. എ. യെ ധരിപ്പിക്കുകയും, ഇതുസംബന്ധിച്ച് 28.11.2024 ൽ എം.എൽ. എ. യുമായി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ ഇൻഡോർ കോർട്ടിന്റെ വീതി 21 മീറ്ററിൽ നിന്നും 19.30 മീറ്റർ ആയി നിജപ്പെടുത്താനും ടി മീറ്റിംഗിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയേർഡ് ബിൽഡിംഗിന്റെ ഡിസൈൻ ഡ്രോയിംഗ് തയാറാക്കി, വെറ്റിംഗ് ചെയ്തു നൽകാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിൻപ്രകാരം കരാറുകാരൻ വെറ്റിംഗ് ഡ്രോയിംഗ്25.02.2025 ൽ സമർപ്പിക്കുകയും ചെയ്തു.<br><br>കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പാളിനോട് അഭ്യർത്ഥിക്കുകയും, ആയത് പ്രകാരം 2025 ജനുവരി 23-ാം തീയതി മരം മുറിയ്ക്കുന്നതിനുള്ള അനുമതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കി 29.01.2025 ന് പ്രസ്തുത മരങ്ങൾ മുറിയ്ക്കുകയും ചെയ്തു. എന്നാൽ സൈറ്റിന്റെ അടുത്ത് സ്കൂൾ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട മണ്ണ് പ്രസ്തുത ഗ്രൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ആയത് മാറ്റിയതിനുശേഷമാണ് കരാറുകാരൻ 15.05.2025 ൽ പ്രവൃത്തി പുനരാംരഭിച്ചത്. ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്ലിന്ത് ലെവൽ വരെ പൂർത്തിയായിട്ടുണ്ട്. സ്റ്റീൽ സ്ട്രക്ചറിന്റെ പ്രവൃത്തി പൂരോഗമിക്കുന്നു. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ